പത്രക്കുറിപ്പ്
20-3-2018

# കേരളത്തിലെ സാധാരണ സ്ത്രീകളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് ചാലകശക്തിയായത് കുടുംബശ്രീ:

## കൃഷി വകുപ്പ് മന്ത്രി വി.എസ്.സുനിൽ കുമാർ

തിരുവനന്തപുരം: കേരളത്തിലെ സാധാരണക്കാരായ സ്ത്രീകളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് കുടുംബശ്രീ ചാലകശക്തിയായെന്ന് കൃഷി വകുപ്പ് മന്ത്രി വി.എസ്.സുനിൽ കുമാർ പറഞ്ഞു. കുടുംബശ്രീ മുഖേന നടത്തുന്ന ജെൻഡർ കാമ്പെയ്ൻ-നീതം 2018 ന്റെ സംസ്ഥാനതല സമാപനത്തോടനുബന്ധിച്ചു നടത്തിയ റിപ്പോർട്ട് അവതരണ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാധാരണക്കാരായ സ്ത്രീകൾ ലിംഗസമത്വത്തെ കുറിച്ച് ചർച്ച ചെയ്യുമ്പോഴാണ് സ്ത്രീശാക്തീകരണം യഥാർത്ഥ്യമാകുന്നത്. ലിംഗനീതിയെ കുറിച്ച് കേരളം ചിന്തിച്ചു തുടങ്ങിയത് കുടുംബശ്രീ പ്രസ്ഥാനത്തിന്റെ വരവോടെയാണ്. ഞാനും സമൂഹത്തിന്റെ ഭാഗമാണ് എന്ന ആത്മബോധത്തോടെ സ്ത്രീകൾ മുഖ്യധാരയിലേക്കു കടന്നു വന്നതാണ് കുടുംബശ്രീയുടെ പുരോഗതി. വെല്ലുവിളി ഉയർത്തുന്ന പല തൊഴിൽ മേഖലകളിലേക്കും കടന്നു ചെന്ന് വിജയം കൈവരിക്കുന്നതിലൂടെ സാധാരണക്കാരായ സ്ത്രീകൾക്കും ഇതു സാധ്യമാകുമെന്ന ബോധം സമൂഹത്തിൽ സന്നിവേശിപ്പിക്കാൻ കഴിഞ്ഞതാണ് കുടുംബശ്രീയുടെ നേട്ടം. മാനസികമായ പിന്നാക്കാവസ്ഥയിൽ നിന്നും മുന്നേറാൻ കഴിയുന്ന ഒരു സ്ത്രീസമൂഹത്തെ സൃഷ്ടിക്കാൻ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗുണപരമായ മാറ്റങ്ങൾക്ക് കുടുംബശ്രീ പ്രമുഖമായ പങ്കു വഹിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള അമ്പതു ശതമാനം സീറ്റുകളിൽ നല്ലൊരു ശതമാനം കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കടന്നു വന്നവരാണെന്നതും ഏറെ ശ്രദ്ധേയമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും താഴേതട്ടിൽ മുതൽ തന്നെ സുരക്ഷയൊരുക്കാൻ കഴിയുന്ന വിധം വലിയ തോതിലുള്ള ഒരു മാറ്റത്തിനു വഴിയൊരുക്കാൻ നീതം കാമ്പെയ്നു കഴിയണം.

സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ സംഭവാന ചെയ്യുന്നത് കുടുംബശ്രീയാണ്. ഈ മേഖലയിൽ പ്രഫഷണൽമികവ് കൈവരുത്തുന്നിന് കുടുംബശ്രീയുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ ഏറെ സഹായകരമാകുമെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനമൊട്ടാകെ നടത്തുന്ന നാട്ടുചന്തകൾ ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ്. കുടുംബശ്രീ സംഘക്കൃഷി ഗ്രൂപ്പുകൾ ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങളുടെ ഫലപ്രദമായ വിപണനത്തിന് വിപണി നൽകുന്നതടക്കം എല്ലാ വിധ പിന്തുണയും ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ജെൻഡർ പ്രവർത്തനങ്ങൾ അന്താരാഷ്ട്രതലത്തിൽ ഏറ്റെടുത്തു നടപ്പാക്കുന്ന തരത്തിലേക്ക് കുടുംബശ്രീ മാറുകയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ പറഞ്ഞു. സംസ്ഥാനത്തെ ഇരുപത്തിയെട്ടു പഞ്ചായത്തുകളിൽ നടത്തിയ വൾണറബിലിറ്റി മാപ്പിങ്ങ് ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഫലമായി പ്രാദേശിക തലത്തിൽ സ്ത്രീകളുടെയും കുട്ടികളും സുരക്ഷയ്ക്കും ഉപജീവന മാർഗത്തിനുമായി പതിനൊന്നു കോടി രൂപയുടെ പദ്ധതികളാണ് പഞ്ചായത്തുകൾ സമർപ്പിച്ചിട്ടുള്ളത്. ഇത് കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ വിജയമാണ് സൂചിപ്പിക്കുന്നത്. ഈ വർഷവും

വൾണറബിലിറ്റി മാപ്പിങ്ങ് നടത്തും. കൂടാതെ കമ്യൂണിറ്റി കൗൺസലിങ്ങും കൂടുതൽ ശക്തിപ്പെടുത്തും. അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കുടുംബശ്രീയുടെ അഭയകേന്ദ്രമായ സ്നേഹിത പതിനാല് ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ കഴിഞ്ഞതും വലിയ നേട്ടമാണെന്ന് അദ്ദേഹം പറഞ്ഞു.

തുടർന്ന് സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള അതിക്രമങ്ങൾ തടയുന്നതിനും പ്രാദേശികമായി പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിന്റെയും ഭാഗമായി അയൽക്കൂട്ട തലത്തിൽ നിശ്ചിത ഫോർമാറ്റിൽ ശേഖരിച്ചു ക്രോഡീകരിച്ച വിവരങ്ങൾ, സംസ്ഥാനമൊട്ടാകെ അയൽക്കൂട്ട സംഗമത്തിലൂടെ രൂപീകരിച്ച പ്രതിരോധ മാർഗങ്ങൾ, കർമപദ്ധതി എന്നിവ ഉൾപ്പെട്ട റിപ്പോർട്ട് പതിനാല് ജില്ലകളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അവതരിപ്പിച്ചു.

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഡോ.കെ.ആർ.ഷൈജു സ്വാഗതം പറഞ്ഞു. ഡയറക്ടർ റംലത്ത്.പി, പ്രോഗ്രാം ഓഫീസർമാരായ പ്രമോദ് കെ.വി, ബിനു ഫ്രാൻസിസ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ സോയ തോമസ് എന്നിവർ ആശംസാ പ്രസംഗം നടത്തി. സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ പ്രിയ. ഇ നന്ദി പറഞ്ഞു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ